(ബി) ഉണ്ടെങ്കിൽ അതു എപ്പോൾമുതൽ നടപ്പിൽ വരുമെന്നു പ്രസ്താവിക്കാമോ?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) ഈ സംഗതി ഗവൺമെണ്ടിന്റെ ആലോചനയിൽ ഇരിക്കയാണു്.

(ബി) നിവൃത്തിയില്ല.

ടാക്സിന്മേൽ ടാക്സ്

*൨൯൫. (൨൨൭) സാഹിബ് ബഹദൂർ എ. മുഹമ്മദു മുസ്തഫാ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ,—

(എ) വില്പന നികുതി ഇടാക്കി ഗവൺമെണ്ടിലേക്കു അടയ്ക്കുമ്പോൾ വ്യാപാരികൾ ആ തുകക്കു് വീണ്ടും ടാക്സ് കൊടുക്കണമെന്നുള്ള ഒരു സമ്പ്രദായം ഇപ്പോൾ നിലവിലുള്ളതായി ഗവൺമെണ്ടിനറിയാമോ;

(ബി) വില്പന നികുതി നിയമത്തിലെ ഏതു വകുപ്പിനെ അടിസ്ഥാനമാക്കിയാണു് ടാക്സിനു ടാക്സ് ഈടാക്കുന്നതെന്നു പ്രസ്താവിക്കുമോ;

(സി) ഈ തുക വ്യാപാരികൾ എങ്ങനെ ഈടാക്കണമെന്നാണു് ഗവൺമെണ്ടുദ്ദേശിക്കുന്നതു്?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) അറിയാം.

(ബി) വില്പന നികുതി ചട്ടം ൭—ാം വകുപ്പു് അനുസരിച്ചു്.

(സി) ഈ തുക പിരിക്കുന്നതിനുള്ള വൈഷമ്യങ്ങളും മറ്റും ഒഴിവാക്കി ചട്ടം ഭേദഗതി ചെയ്യുന്നതാണു്. അതിനുള്ള നിയമനിർമ്മാണം പരിഗണനയിലിരിക്കുന്നുണ്ടു്.

റവന്യൂബോർഡു്

*൨൯൬. (൨൩൨) സാഹിബ് ബഹദൂർ എ. മുഹമ്മദു മുസ്തഫാ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നല്കുമോ.—

(എ) തിരുവിതാംകൂർ—കൊച്ചി റവന്യൂ ബോർഡിൽ ആറു രൂപക്കു് മേൽ ശമ്പളമുള്ള ഉദ്യോഗസ്ഥന്മാരുടെ ആകെ എണ്ണമെത്ര;

(ബി) അവരുടെ ജാതി തിരിച്ചുള്ള ഒരു പട്ടിക പ്രസ്താവിക്കുമോ?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജാൺ): (എ) ൨൯.

(ബി) നായന്മാർ ൫

ഈഴവർ ൩

റോമൻ സിറിയൻ ൨

ലത്തീൻ ക്രസ്ത്യൻ ൧

മാർത്തോമ ൧

തമിഴ ബ്രാഹ്മണൻ ൨

സാരസ്വത ബ്രാഹ്മണൻ ൧

മറ്റു ഹിന്തു വെള്ളാള ൧

ആകെ ൨൯

LIBRARY ARCHIVES Kerala Legislative Assembly